LITTLE KITES

# FLASH

## DIGITAL MAGAZINE

### LITTLE KITES

### G H S S NARIKKUNI







little KITEs

LITTLE KITES



ഹെഡ്മാസ്റ്റർ **പി ടി അബ്ബാസ് അലി**



ആശംസ


നരിക്കുനി ഗവ. ഹയർ സെക്കൻഡറി സ്കൂൾ LITTLE KITES അംഗങ്ങൾ 2018-19 വർഷത്തിൽ ഒരുക്കിയ FLASH ഡിജിറ്റൽ മാഗസിൻ വിദ്യാഭ്യാസ പരമായി പ്രാധാന്യമർഹിക്കുന്ന നവീന സംരംഭമാണ്. എല്ലാ ഭാവുകങ്ങളും നേരുന്നു.

GOVT HIGHER SECONDARY SCHOOL NARIKKUNI
P. O. NARIKKUNI
KOZHIKODE-673 585


16/01/2019
ABBAS ALI P.T
HEADMASTER
Govt.HSS Narikkuni

LITTLE KITES




सरकारी हाइस्कूल नरिककुनी के
लिटिल कैट्स छात्रों से बनी
डिजिटल मागज़िन को मेरी ओर से
दिल भरी आशंसाएं ।

जयराजन . पी . के



# എഡിറ്റോറിയൽ ബോഡ്

| | | |
|---|---|---|
| ചീഫ് എഡിറ്റർ | : | ആദിത്യൻ ബി എസ് |
| അംഗങ്ങൾ | : | ആര്യ |
| | : | ശ്യാംജിത്ത് |
| | : | അക്ഷയ് രാജ് |
| | : | അനന്തു എം എസ് |
| | : | സൂര്യ സന്തോഷ് പി എം |
| | : | ആദർശ് പി |
| | : | സാനിയ മിർസ കെ |



LITTLE KITES

## ലിറ്റിൽ കൈറ്റ്സ് -ഹൈടക് വിദ്യാലയങ്ങളിലെ
## കുട്ടികളുടെ ഐ ടി കൂട്ടായ്മ

വിദ്യാർഥികളിൽ ഐ ടി നൈപുണി വികസിപ്പിക്കുന്നതിനായി
സ്കൂളുകളിൽ ആരംഭിച്ച
ലിറ്റിൽ കൈറ്റ്സ് ഐടി ക്ലബ്ബിൽ നമ്മുടെ വിദ്യാലയത്തിലെ സമർഥരായ 40
അംഗങ്ങളാണുള്ളത്. ആനിമേഷൻ, പ്രോഗ്രാമിങ്, മലയാളം കമ്പ്യൂട്ടിങ്,
റോബോട്ടിക്സ് തുടങ്ങി പുതുലോകത്തെ പുതുമകൾ
കുട്ടികൾ പരിശീലിച്ചു വരുന്നു.
ഹൈടക് യുഗത്തെ വരവേൽക്കാൻ തയ്യാറായി വരുന്നു.

KITE MASTER




KITE MISTRESS



**ABDUL BASHEER. T P**

**SHEEJA. V**

LITTLE KITES

# ഞങ്ങൾ ലിറ്റിൽ കൈറ്റ്സ് ...

കമ്പ്യൂട്ടർ ഗയിം ഇഷ്ടമുള്ള ഞങ്ങൾ അതിനൊരവസരം

ലഭിക്കുമെന്നോർത്താണ്

ലിറ്റിൽ കൈറ്റ്സ് അംഗങ്ങളായെത്തിയത്. സാങ്കേതികവിദ്യ

ശരിക്കും ഞങ്ങളെ അത്ഭുതപ്പെടുത്തി. സെൻസർ കാർ പോലുള്ള ഗയിമുകൾ

നിർമ്മിച്ചു. കമ്പ്യൂട്ടർ പ്രോഗ്രാമിങ്,

ആനിമേഷൻ, വീഡിയോഎഡിറ്റിങ് എന്നിവ അടുത്തറിഞ്ഞു.
മലയാളംകമ്പ്യൂട്ടിങ് പരിശീലിച്ചു

കൊണ്ടിരിക്കുന്നു. കീബോഡിൽ കാണാത്ത അക്ഷരങ്ങൾ ഊഹിച്ചെടുത്ത്

വാക്കുകളുണ്ടാക്കാൻ പരിശ്രമിച്ചു. പരിമിതികൾ ഞങ്ങൾക്ക് ഒത്തിരിയുണ്ട്.....
സഹകരിച്ച എല്ലാവരോടും കടപ്പാട് അറിയിച്ചു കൊണ്ട്

ഈ കൊച്ചു ഡിജിറ്റൽ മാഗസിൻ

നിങ്ങൾക്കായി സമർപ്പിക്കുന്നു.

എഡിറ്റർ,

ആദിത്യൻ ബി എസ്

# ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ

| | |
|---|---|
| 1 | ABHIRAMI. I.M |
| 2 | ADHIRAD T |
| 3 | ANANDU KRISHNA B M |
| 4 | ABINRAJ P.P |
| 5 | SAYOOJ. K |
| 6 | ADARSH P |
| 7 | ADITHYA KIRAN BASU |
| 8 | ANANDHU. M.S |
| 9 | SIVANTH.T.P |
| 10 | NEHA MARIYAM. R.S |
| 11 | MIDHUN S T |
| 12 | MUHAMMAD SHAHIL P K |
| 13 | SANA FATHIMA P B |
| 14 | DHIBIN MANOJ M P |
| 15 | ABHISHEK RAJ PR |
| 16 | ABHINAV PK |
| 17 | SNEHA. K.M |
| 18 | LENUSHEKA .V |
| 19 | ANANTHU KRISHNAN |
| 20 | SANIYA MIRSA K |
| 21 | JAMSHEENA K K |
| 22 | AMAYA SASI PK |
| 23 | NIVEDYA K K |
| 24 | BINIL.B.S |
| 25 | SHYAMJITH T E |
| 26 | ANJALI VIJAYAN .N |
| 27 | SOORYA SANTHOSH PM |
| 28 | ARYA.M.K |
| 29 | AJANYA.B.S |
| 30 | MIRFA FATHIMA. M |
| 31 | ADITHYAN. B.S. |
| 32 | NASIFA AC |
| 33 | FAZAL MUHAMMED.C.K |
| 34 | LULU DIYANA |
| 35 | FASILA. AC |
| 36 | SHIFANA .AC |
| 37 | MUHAMMED AMAN V |
| 38 | SOORYA CHITHRA K |
| 39 | SAJAN KRISHNA K |
| 40 | AKSHAY BS |


LITTLE KITES

# ഉള്ളടക്കം


| | | |
|---|---|---|
| | ചില്ല | പി ബി ഗീത |
| | ഘടികാരം | അനന്തുകൃഷ്ണൻ |
| | ടീച്ചേഴ്സ് ഡേ | സഫ്ന |
| | SALLY BARNETT | SAFVA 9 F |
| | ആലിസിന്റെ അത്ഭുതലോകം | ശ്രീപ്രിയ സി |
| | വിദ്യാലയ ജീവിതം | നന്ദന |
| | വേനൽ മഴ | അഭിരാമി |
| | EVOLUTION OF COMPUTER | RONAK B S |
| | പ്രകൃതി ഭംഗി | വിസ്മയ |


**USB -** Universal Serial Bus

# ചില്ല





കൂടൊരുക്കാനും
കൂട്ടുകൂടാനും
കൊക്കൊരുമ്മാനും
കൊത്തിപ്പറിക്കാനും -ചില്ല വേണം
തൊട്ടൊരുമ്മാനും
തത്തിക്കളിക്കാനും
താലോലമാടാനും
തന്നന്നം പാടാനും -ചില്ല വേണം
വെയിലിൽ വന്നിരിക്കാനും
മഞ്ഞിൽ പുതക്കാനും
മഴയിൽ കുളിക്കാനും
വാസന്ത മണയാനും -ചില്ല വേണം
ചില്ലയില്ലാതുള്ളോ -
ഒറ്റ മരക്കൊമ്പിൻ മേൽ
ചില്ലയായ് ശാഖിയായ് വിടപിയായ്
തീരുവാൻ ഉള്ളം കൊതിക്കുന്നു
ജീവിതമേ .........

-ഗീത .പി .ബി -

# ഘടികാരം



ചുമരിൽ കാണും ഘടികാരം
സമയമറിക്കും ഘടികാരം
ചമയം മാറി പോകുമ്പോൾ
സമയം നോക്കി പോയിട്ടും
സൂചികളുണ്ട് രണ്ടെണ്ണം
സൂചന നൽകും ഘടികാരം
ചുറ്റിലുമുണ്ട് അക്കങ്ങൾ
ചുറ്റിത്തിരിയും സൂചികളും
കൃത്യതയുള്ളൊരു സൂചികളും
സമയം തെറ്റിനടന്നാലോ
പഥ്യം തെറ്റും ഏവർക്കും

അനന്തു കൃഷ്ണൻ

**PDF-** Portable Document Format



# TEACHERS DAY

Teachers day celebrated on september 5.every year throug out india in memory of Dr s RadhaKrishnan on his birthday. Teadchers day is celebrated on sep 5 every years sines 1962 to honour **Dr s radha krishanan as it is his birthday**

***shana 9 F***

# An interview with Sallybarnett



**I have a long term and short term plan , always on the go and changing all the time.  But on a dailybasis.**
**I attack my emails  first    every morning , sat in my kichen  with my laptop;dog on one side.**
**Bowl of  cereal on theother then i set myself a list of things i need to produce that day from my list for that mouth . To escape from the houesework.**
**I walk down to the qarden shed; this is my studio**
**It isn't so much a shed, more of a small stable  black with a carpet but no horses . But it is where i do all my drawing printing , painting , priming , sending, etc....**
**But if it is too could outside.**
**I sit in the living room with my art put and my dog sat on my fest.**

*Safva 9 F*

RJ 45

Registered jack 45




# COMPUTER LAB





LITTLE KITES

# ആലിസിന്റെ അത്ഭുതലോകം





## വായനാക്കുറിപ്പ്

പ്രശസ്ത ഇംഗ്ലീഷ് സാഹിത്യകാരനായ ലൂയികരോളിന്റെ രചന ശ്രദ്ധേയമായ ഒന്നാണ് .ആലിസിന്റെ അത്ഭുതലോകം എന്ന കൃതി"ആലിസ് ഇൻ വണ്ടർലാന്റ് " എന്ന രചനയുടെ പുനരാഖ്യാനമാണ് . ആലിസ് എന്ന കുട്ടി ചേച്ചിയുടെ കൂടെ പുഴയോരത്ത് പോവുകയും അവിടെ നിന്ന് മയങ്ങി പോവുകയും ആ ഉറക്കത്തിൽ കണ്ട ഒരു സ്വപ്നമാണ് ഈ കൃതിയുടെ പ്രമേയം. അവസാനം വരെ ഈ കുട്ടിയുടെ സ്വപ്നത്തിലേക്ക് വായനക്കാരെ കൂട്ടികൊണ്ടു പോവുകയാണ് .ഏതൊരു കുട്ടിക്കും വളരെയേറെ ഇഷ്ടമാവുന്ന ഒരു കൃതിയാണിത്.

**ശ്രീപ്രിയ.സി 9 D**

LITTLE KITES




# RAM

## Random-access memory



**16**

# വിദ്യാലയ ജീവിതം

പുതു വിദ്യാലയം എൻ മനസ്സിൽ
പുതുമയാർന്ന ഓർമ്മയുമായി
പുതു വിദ്യാലയ സൗഹൃദം പിരിഞ്ഞപ്പോൾ
എൻ മനസ്സിൽ തീരാദുഃഖമായി
സ്വപ്നങ്ങളിൽ എന്നവണ്ണം എൻ
സൗഹൃദം അകന്നുപോയി
ഒരുമയാർന്ന സൗഹൃദവുമായി
എന്നെന്നും വിടർന്നു നിൻ
ഓർമ്മകളുമായി എൻമനസ്സ്

നന്ദന

# വേനൽമഴ

കരയാൻ കൊതിക്കുമീ കണ്ണീരുറകൾ
കടലായ് ഇങ്ങെന്റെ  മടിയിലെത്തി
കാലത്തിനപ്പുറം തന്നെയെത്തി
പോയി പോകുന്നീ സൂര്യനാളങ്ങളെ
പോയി പോകുന്നീ അഗ്നിജ്വാലകങ്ങളെ
പാറിപതിക്കുന്ന കാർമഴയെ
കൊണ്ടുവാ നീ  എന്റെ മുന്നിലേക്ക്


*-അഭിരാമി (IX-C)*



LITTLE KITES

റോനക്ക് ബി എസ്

# EVOLUTION OF COMPUTER





Eniak – first computer with size of one big hall and low speed processing(1946)





first commercial computer by IBM(1952)




World's first personal computer The Kenbak-1 (1970)






lisa - first personal computer with graphical user interface-created by apple(1983)

LITTLE KITES

microsoft operating system launched(1985)

GNU/Linux operating system launched(1992)




പേജർ

**pager** is a small telecommunications device that receives (and, in some cases, transmits) alert signals and/or short messages. ... (This is why the device is also known as a beeper). The simplest one-way **pagers** display the return-call **telephone** number of the person who sent the message.

LITTLE KITES



smart phone Era begins
Ericsson R380(2000)



Macbook _pro high end laptop from apple

LITTLE KITES

Android-Linux based free operating system.for smart phones



Rasberry Pi-credit

റോനക്ക് ബി എസ്

NETBOOK



# പ്രകൃതി ഭംഗി

ഞാൻ രാവിലെ എഴുന്നേറ്റ് വരാന്തയിലിരിക്കുകയായിരുന്നു.അമ്മ രാവിലത്തെ ഭക്ഷണം ഉണ്ടാക്കുന്നതിന്റെ തിരക്കിലും ഏട്ടൻ എഴുന്നേറ്റിട്ടില്ല അച്ഛനും.ഞാനിങ്ങനെ വെറുതെ തൊടിയിലേക്ക് നോക്കിനിൽക്കുകയായിരുന്നു ചെമ്പരത്തിപ്പൂക്കൾ വിടർന്നു വരുന്നു.കുറച്ചു നേരം കഴിഞ്ഞപ്പോൾ അതിലെ തേൻ നുകരാൻ ചിത്രശലഭങ്ങൾ പറന്നു വരുന്നു.അമ്മ ഇന്നലെ ബാക്കി വന്ന ചോറു മണി തൊടിയിലേക്ക് വലിച്ചെറിഞ്ഞു.പക്ഷികളെല്ലാം പറന്നു വന്ന് അത് കൊത്തി പെറുക്കുന്നു.പലതരം പക്ഷികളുടെയും മൃഗങ്ങളുടെയും ശബ്ദങ്ങൾ കേൾക്കുന്നു.അന്നപ്പോൾ ആലോചിച്ചു ഈ ചെവി കേൾക്കാത്തവരും കണ്ണു കാണാത്തവരും ഈ പ്രകൃതിയിലെ ദൃശ്യങ്ങൾ കാണാനും കേൾക്കാനും സാധിക്കുന്നില്ലല്ലോ അവർക്ക് അതിൽ വിഷമമുണ്ടാകില്ലേ? അവർക്ക് എത്ര ആഗ്രഹമുണ്ടാകും ഇതെല്ലാം ആസ്വദിക്കാൻ.

ഇതെല്ലാമുള്ള നമുക്ക് ഇതൊന്നും കാണാൻ തന്നെ സമയമില്ല. എല്ലാവർക്കും ഓരോരോ ജോലികൾ.

ഇതെല്ലാംനമ്മുടെ വരും തലമുറയ്ക്ക് കാണാൻ സാധിക്കുമോ?......

....*Vismaya. V.p*

# വീണ്ടുമൊരു ജലസംഭരണം


## സ്നേഹ

നദികളും, പുഴകളും, തോടുകളും, വയലുകളും നമ്മുടെ ജീവിതത്തിന്റെ ഭാഗമായിരുന്നു. അവ ഇന്ന് ഏറെക്കുറെ അപ്രതീക്ഷമായി കുളങ്ങളിലെ കുളിയും അലക്കും ഇന്ന് സിനിമകളിൽ പോലും ഇല്ലാതായി.

മഴ കുറഞ്ഞു മഴവെള്ളസംഭരണികളായ വയലും തോടും കനാലും നദിയും വറ്റി. ഭാരതപ്പുഴയും, പെരിയാറും വേനലിൽ വരണ്ടുപോകുന്നു.വെള്ളമില്ലാതെ ജീവിക്കാൻ സാധിക്കുമോ? ഇല്ലല്ലോ അപ്പോൾ എന്താണ് പോംവഴി? മഴവെള്ളം സംഭരിച്ച് സൂക്ഷിക്കുക. വയലുകളും, കുളങ്ങളും, തണ്ണീർത്തടങ്ങളും ജലസംഭരണികളായി മാറട്ടെ. മഴവെള്ളം ഒഴുകി പോകാതെ മണ്ണിലേക്കിറങ്ങാൻ അനുവദിക്കുക. ഇതിനായി മഴക്കുഴികൾ ഉണ്ടാക്കാം, തടങ്ങൾ ഉണ്ടാക്കാം. ഈ സംഭരണികളെയാണ് വെള്ളത്തിനായി ഇനി നാം ആശ്രയിക്കേണ്ടത് . കുപ്പിവെള്ളം പലതരം ആരോഗ്യ പ്രശ്നങ്ങൾക്കു കാരണമായേക്കാം. വീട്ടിലും സ്കൂളിലും ശുദ്ധജലം കരുതിവെച്ച് കുടിക്കാം .

**നാളേക്കു കരുതിവെക്കുക വെള്ളം!**





# മൃത്യു

മരണമെന്ന സത്യം, മാറിലേക്കടുക്കുംനേരം
മൗനമായിരുന്ന് കൊണ്ട് മനസ്സർപ്പിക്കണം
ദൈവത്തിൽ,
മധുരിക്കും ഓർമ്മകളും, മുറിവേറ്റ നിമിഷങ്ങളും
മിന്നിമായണം മനസ്സിനുള്ളിൽ
അത്ഭുതലോകത്തെ അത്ഭുതസൃഷ്ടികൾ
ആശ്ചര്യത്തോടെ ഓർത്തുനോക്കണം ഒരു നിമിഷം
പാവത്തിൻ മുഖവും പാപിതൻ മുഖവും
പറന്നകലുന്ന നിമിഷം...
പിതാവിൻ കരണയും മാതാവിൻ സ്നേഹവും,
പിറന്ന മണ്ണിൻ സുഗന്ധവും മനസ്സിലേക്കടുക്കണം
മധുരം നുകരും കനിയായി.
ഒരു  നിമിഷത്തെ വേദനയും
ഒരുപാടുകാലത്തെ മാധുര്യവും
മിന്നിമായും നിമിഷം-മൃത്യു..

*-നഫീസ ഹംന (IX-A)*




## എന്റെ അമ്മ

അമ്മേ എന്റെ പൊന്നമ്മേ
നിന്റെ  താരാട്ടു പാട്ടു ഞാൻ കേൾക്കാം
ആയിരം ആശ തൻ ഉള്ളിൽ ചിലങ്കുന്ന
താരാട്ടുപാട്ടു ഞാൻ കേൾക്കാം
കൺകണ്ട ദേവിയാണെന്നുമെന്നമമ
സരസ്വതിദേവിയാണെന്റെയമമ
അമമയൊണെന്റെ  ദൈവം.

*-നന്ദന വേണുഗോപാൽ (IX-A)*

LITTLE KITES





LITTLE KITES

# വിചാരം

അതി വൈകാരിതയും വർഗ്ഗീതയും
അതിനെ കൈകാര്യം ചെയ്യുന്ന അതീവ ദുഷ്ക്കാരം

സ്വന്തം പിടിവാശികളുടെ
വിജയം മാത്രമേ,അതിന്
മനസ്സമാധാനം നൽകു

യുണിയെ അതംഗീകരിക്കയില്ല
ശരിയിലേക്കെന്നത് അതിന്റെ ലക്ഷ്യമല്ല
അതിന്റ വാദങ്ങൾ എപ്പേഴും
ദുശ്ശാഠ്യം നിറഞ്ഞതല്ലനിവ
സ്വന്തം നിലപാടുകൾ മറ്റുള്ളവർക്കുണ്ടാവുന്ന
കുഴപ്പങ്ങൾ അതിനു പ്രശ്നമല്ല
സ്വന്തം നിലപാടുകൾ
ഭാവിയിൽ സൃഷ്ടക്കുന്നപത്തുകൾക്ക് നേരെ
അത് അന്ധമായിരികും

നിവേദ്യ

LITTLE KITES

# JRC





LITTLE KITES

# ശൈവം

കവിതയുടെ നേർക്ക് കടാക്ഷിച്ച
പതുക്കെ പതുക്കെ കഥ
ആകാശം നോക്കി കയറാൻ തുടങ്ങി
മനസ്സിളകിയ കവിത
മെല്ലെ മെല്ലെ മണ്ണിലേക്കിറങ്ങാനും തുടങ്ങി
കഥ കവിതയും
കവിത കഥയുമായതങ്ങനെയാണ്
സഹിത്യത്തിൽ
അർധനാരീശ്വര സങ്കൽപമുണ്ടായത്
ഇങ്ങനെയായിരിക്കണം

abhinav p.k

LITTLE KITES



LITTLE KITES




# മുല്ലമൊട്ടുകൾ



രാത്രിയിൽ പൊഴിയുന്ന മുത്തുപ്പോലെ
മരകൊമ്പിൽ അണിയിച്ചിരിക്കുന്ന മുല്ലയാൽ
അഭിമാനം  പൂലർത്തുന്ന തമിഴ് നാടിൻ
മനുഷ്യരുടെ  ഇടം നേടി
എല്ലായിടത്തും  എത്തിചേരുന്ന
വെള്ള  മുത്തുകളാണീ മുല്ലകൾ
പവിഴ മുത്തു പോലെ ചില്ലകളിൽ
തിളങ്ങുന്ന മുല്ലമൊട്ടുകൾ
ആദിയില്ല വെപ്രാളമില്ല ദു:ഖമില്ല
സുഗന്ധത്താൽ വെള്ള പുതപ്പണിഞ്ഞ്
എല്ലാവരെയും മയക്കുന്ന
പൊൻമണി  മുത്തുകൾ
പാട്ടിന്റെ താളവും സുരമിട്ടണയുന്ന
കാറ്റിന്റെ വേഗതയാൽ
സുഗന്ധം പുലർത്തുന്ന മനുഷ്യരിൽ
രാത്രി വിടരുന്ന മനസ്സിൽ ഇടം
തേടുന്ന കേരളമഹിമയിൽ

സൂര്യചിത്ര.കെ

LITTLE KITES



# ബാപ്പുജി

എന്ന

# ജീവിതപാഠം

safvan

ഒരിക്കൽ ഒരു പത്രപ്രവർത്തകൻ ഗാന്ധിജിയോട് ചോദിച്ചു:'അങ്ങേക്ക് ലോകത്തിന് നൽകാനുള്ള സന്ദേശമെന്താണ് ? ഗാന്ധിജി പറഞ്ഞു: "എന്റെ ജീവിതമാണെന്റെ സന്ദേശം". മഹത്തായ ജീവിതത്തിന് ഉടമയാണ് ഗാന്ധിജി. കാലത്തിന് മുമ്പേ നടന്നവരാണ് മഹാൻമാർ. അവരുടെ ജീവിത സന്ദേശങ്ങൾ പിൽക്കാല ജനതക്ക് വെളിച്ചമേകുന്നു. ഇന്ത്യൻ സാതന്ത്ര്യ സമരത്തിന് സവിശേഷമായ നേതൃത്വം നൽകി ഇന്ത്യൻ ജനതയെ യോജിപ്പിച്ചു നിർത്തുന്നതിന് ഗാന്ധിജി വഹിച്ച പങ്ക് സുപ്രധാനമാണ്. അതേ സമയം അദ്ധേഹത്തിന്റെ രാഷ്ട്രീയ,സാമ്പത്തിക,സാമൂഹ്യാദർശങ്ങൾ വിമർശിക്കപ്പെടാതിരുന്നില്ല.ഗാന്ധിജിയുടെ മഹത്വത്തെ അംഗീകരിക്കുകയും ബഹുമാനിക്കുകയും ചെയ്തിരുന്നു.

**അവഗണനയുടെ പുറമ്പോക്കിലേക്ക് വലിച്ചെറിയപ്പെട്ടവർക്കൊപ്പമായിരുന്നുഗാന്ധിജിയുടെ മനസ്സ്. അവശത അനുഭവിക്കുവിക്കുന്ന മനുഷ്യനെ അടിസ്ഥാനമാക്കിയുള്ള പ്രവർത്തനമാണ് ഗാന്ധിജിയുടേത്.**

# ജലം

രുചിയോ മണമോ ഇല്ലാത്ത ഒരു ദ്രാവകമാണ് ജലം.ജീവന്റെ നിലനിൽപ്പിന് ആധാരമാണ് ജലം.നമ്മുടെ ഭൂമിയിൽ മുക്കാൽ ഭാഗവും ജലമാണ്.കാൽ ഭാഗമേ കരയുള്ളൂ. ജലമില്ലെങ്കിൽ ജന്തുക്കളും സസ്യങ്ങളും ഒന്നും തന്നെ ഭൂമിയിൽ ഉണ്ടാവില്ല

## ജലം പാഴാക്കാതിരിക്കുക.

▷▷▷▷▷▷▷▷*SooryaSanthosh*





# കവിത

കാലത്തിൻ പടികൾ  ചവിട്ടിയിറങ്ങുവാൻ
ആവാതെ നോക്കി നിൽക്കുകയാണ് ഞാൻ
പാടാത്ത പാട്ടുകൾ ഒത്തിരി പാടി ഞാൻ
വൈകാതെ കാത്തു നിന്നു ഞാൻ

അറിവിന്റെ കിരണമായ് നീ വിരിയും
അറിവിന്റെ വെട്ടമായ് നീ വരയ്ക്കും
ഭൂമിയിൽ ഇത്തിരി ഭാഗമായി
എത്തിച്ചേരും ഞാനെന്നും
അറിവിൻ വെട്ടം എനിക്കായ് എവിടെയും
എത്തിച്ചു നിൽക്കും ദൈവദൂതൻ
സർവർക്കും അഭയമായ് എന്നും നീ
എല്ലായിടത്തും എത്തിടണേ..........

........Sreepunya

LITTLE KITES

# വർണ്ണങ്ങൾ

ഒരു പുത്തൻ പുലരി പിറന്നല്ലോ
ഈ സന്തോഷ വേളയിൽ
പൈകിടാങ്ങൾ പിറന്നു വീണി മണ്ണിൽ
ഒരു പൊൻ ഉുവലായ്...

വിടർന്നു നിൽക്കും ഈ പൂവിനെ
ഒരിക്കലും....നുള്ളിക്കളയരുത്
നീ തന്ന ഈ സ്നേഹത്തിന്
ഒരുപടൊരുപാടു നന്ദി........

(ഒരു പുത്തൻ)

▷▷▷▷▷▷*Nivedhya*

LITTLE KITES

# മലയാളം

തുഞ്ചൻതൻ  തിരുനാരായത്തിൽ
തുഞ്ചത്തായൂഞ്ഞാലാടി
കൊഞ്ചും കിളിമകൾ പാടി വളർത്തിയ
മഞ്ജുതരം മൊഴി മലയാളം
അമ്മിഞ്ഞപ്പാൽ ത്തുള്ളികളായി
നമ്മിലലിഞ്ഞു മലയാളം
അമ്മയുറത്ക്കാൻ പാടിയ പാട്ടിലെ
അൻപാണല്ലോ  മലയാളം
മാമ്പൂവിൻ മണമോലും നമ്മുടെ
നന്മൊഴി  നറുമൊഴി  മലയാളം
ഇളനീർ  മധുരം കിനിയു നമ്മുടെ
ഹ്രദയത്തിരുമൊഴി മലയാളം
ഈറക്കുഴലുമുട്ടുക്കുമിട്ക്കയും
ഈണം പകരും മലയാളം


അമാൻ

LITTLE KITES

നമ്മൾ ജനിച്ചമുതൽ ഇക്കാലം വരെ നമ്മളെ  കഷ്ടപ്പെട്ടും ദുഖം അനുഭവിച്ചു സന്തോഷത്തിൽലൂടെ വളർത്തിയ അമ്മയെയും അച്ചനെയുമാണ് നമ്മൾ ഇപ്പോൾ വൃദ്ധസദനങ്ങൾ പോലെയുള്ള കേന്ദ്രങ്ങളിലേക്കാക്കുന്നത്. നമ്മൾ ഇവരെ എത്ര വേദനിച്ചാലും നമുക്ക് നന്മ വരട്ടെ എന്നാണ് അവർ പ്രാർത്ഥിക്കുന്നത്.

## മാതാപിതാക്കളെ വേദനിപ്പിക്കരുത്

*anathukrishnan*



LITTLE KITES



# സൂര്യൻ

രാവിലെ എന്നും കണി കാണുന്നൊരു
സൂര്യൻ ചേട്ടൻ മാനത്ത്
കിഴക്കു നിന്നും ഉദിച്ചു പൊങ്ങും
സൂര്യൻ ചേട്ടൻ മാനത്ത്
ഉച്ച നേരം ചിരിച്ച് നിൽക്കും
സൂര്യൻ ചേട്ടൻ മാനത്ത്.ു
സന്ധ്യാസമയം കടലിൽ മുങ്ങും
സൂര്യൻ ചേട്ടൻ എവിടെപ്പോയ്
സൂര്യൻ ചേട്ടൻ എവിടെപ്പോയ്▷▷▷▷



LITTLE KITES

# കുറുക്കനും ആടുകളും

കുട്ടനും മുട്ടനും കുഞ്ഞുനാളിലേ മുതൽ കളിച്ചു വളർന്ന ആട്ടിൻകുട്ടികളായിരുന്നു.ഇന്ന് അവർ വലിയ ആടുകളായി.തമാശയ്ക്ക് തമ്മിൽ ഇടി കൂടാറുണ്ടെങ്കിലും അവർ തമ്മിൽ വഴക്കെന്നുമില്ല.

ഒരു ദിവസം കൗശലക്കാരനായ ഒരു കുറുക്കൻ രണ്ട് ആടുകളെയും ഒറ്റയ്ക്ക് ചെന്ന് കണ്ട് പലതും പറഞ്ഞ് അവരെ തമ്മിൽ ശത്രുക്കളാക്കി അന്നു തൊട്ട് അവർ തമ്മിൽ ഇടികൂടാൻ ആരംഭിച്ചു.കുട്ടനും മുട്ടനും ഇടികൂടുമ്പോൾ അവരുടെ തലയിൽ നിന്ന് ചോര തെറിക്കും.അത് നക്കിക്കുടിക്കാം എന്നായിരുന്നു കുറുക്കന്റെ മനസ്സിലിരുപ്പ്.ഒരു ദിവസം കുട്ടനും മുട്ടനും ഇടികൂടാൻ തുടങ്ങി ശക്തിയായ ഇടിയുടെ ശബ്ദം എങ്ങും മുഴങ്ങി.കുറുക്കൻ ശബ്ദം കേട്ട് ഓടിയെത്തി.ഇടിയുടെ ശക്തികൊണ്ട് കുട്ടന്റെ തലയിൽ നിന്ന് ചോര ഒഴുകാൻ തുടങ്ങി.മുട്ടൻ പിന്നെയും ആഞ്ഞടിക്കാൻ പിന്നോട്ടു നീങ്ങി.ആ തക്കം നോക്കി കുറുക്കൻ കുട്ടന്റെ ദേഹത്തുനിന്ന് ഒഴുകിവീണ ചോര നക്കിക്കുടിക്കാൻ അവരുടെ ഇടയിലേക്ക് ഓടിവന്നു.കുട്ടനും മുട്ടനും തമ്മിൽ ശക്തമായി ഇടിച്ചു.ശക്തമായ അടുത്ത ഇടി കൊണ്ടത് കുറുക്കന്റെ തലയ്ക്കായിരുന്നു.ആ ദുഷ്ടൻ അപ്പോൾ തന്നെ അവിടെ വീണ് പിടഞ്ഞ് ചത്തു.

shyamjith

LITTLE KITES

# വായനാക്കുറിപ്പ്

ഒലിവർ ട്വിസ്റ്റ് എന്ന കഥ എനിക്ക് നൽകിയത് വല്ലാത്ത ഒരനുഭവമാണ്.ടി.എസ്.തോമസ് ആണ് ഈ കഥയുടെ രചയിതാവ്. ഇതിലെ പ്രധാന കഥാപാത്രമാണ് ഒലിവർ അവൻ ഒരു കുട്ടിയാണ്. അവൻ ജനിച്ചതും വളർന്നതും അനാഥാലയത്തിലാണ്. അവന് അവിടെ നിന്ന് ആവശ്യമായ ഭക്ഷണം ലഭിച്ചിരുന്നില്ല.ഭക്ഷണം തേടി പോകുമ്പോൾ ഭക്ഷണം ലഭിക്കാൻ വേണ്ടി തെറ്റായ കാര്യങ്ങൾ പറയും.അവിടെ നിന്ന് ഒരാൾ അവന് നല്ല ജീവിതം കൊടുക്കുന്നതും അവന്റെ ജീവിതം മെച്ചപ്പെടുന്നതുമാണ് കഥ. ഈ കഥയിൽ നിന്ന് നല്ല പാഠങ്ങൾ ലഭിക്കുന്നു. ഒരുപാട് അറിവുകൾ തരുന്നു.

*SHYAM JITH*

# മരങ്ങൾ

*നിവേദ്യ. കെ. കെ*

രാമല്ലൂര് എന്ന നാട്ടിൻപ്രദേശം.ആ നാട്ടിൽ ഒരു സ്കൂൾ ഉണ്ട്.

ആ സ്കൂളിലെ കുട്ടികളും അധ്യാപകരും ചേർന്ന് ഒരു യാത്ര പോകാൻ തീരുമാനിച്ചു. അത് അവിടെ അടുത്തുള്ള ഒരു കാട്ടിലേക്കാണ്. അവർ അവിടെ എത്തിയപ്പോൾ ആ കാട്ടിലെ

പല മരങ്ങളും മുറിച്ചിട്ടിരിക്കുകയായിരുന്നു. അത്കണ്ട കുട്ടികളും

അധ്യാപകരും ആശ്ചര്യത്തോടെ നോക്കിനിന്നു. പിറ്റേന്ന് അവർ

അവിടെ ഒരു തവണകൂടി പോയി. അപ്പോൾ അവർ അവിടെ കണ്ടത് കുറേ ആൾക്കാർ അവിടുത്തെ മരങ്ങൾ എല്ലാം മുറിക്കുന്നതാണ്. കുട്ടികളും അധ്യാപകരും അതിനെ എതിർക്കാൻ

ശ്രമിച്ചെങ്കിലും അതിന് അവർക്ക് കഴിഞ്ഞില്ല. അടുത്തദിവസം ആ കുട്ടികൾ ചേർന്ന് മരം വെട്ടുകാർ വരുന്നതിന് മുമ്പ്തന്നെ അവിടെ എത്തി എല്ലാ മരത്തിനു ചുറ്റും കൈകോർത്ത്പിടിച്ച്

നിന്നു. അങ്ങനെ അവർക്ക് മരം വെട്ടാൻ സാധിച്ചില്ല. അവർ പരാചയപ്പെട്ടു.

ഇതാണ് പറയുന്നത്

**"ഒത്തു പിടിച്ചാൽ മലയും പോരും".....**

LITTLE KITES

# ആസ്വാദനക്കുറിപ്പ്

സേവനകാലമത്രയും സർക്കാർ ആശുപത്രികളിൽ രോഗിശുശ്രൂഷ നടത്തിയ ഡോ. ടി. പി മഹ്റൂഫ് രാജിന്റെ അനുഭവങ്ങൾ അടിസ്ഥാനമാക്കിയാണ് ഈ അനുഭവക്കഥകൾ രചിച്ചത്. ആസ്വാദമായ ശൈലിയും സൂക്ഷ്മ ജീവിത നിരീക്ഷണവും ഈ കഥയെ വ്യത്യസ്തമാക്കുന്നു.

നന്മയും കൈപ്പുണ്യവുമാണ് ഒരു സർക്കാർ ഡോക്ടരാണ് ഈ കഥയിലെ പ്രധാന കഥാപാത്രം. മിക്ക കഥയുടെയും പശ്ചാത്തലം സർക്കാർ ആശുപത്രിയാണ്. കഥാകാരന്റെ സാമൂഹിക നിരീക്ഷണം ആശുപത്രിയിൽ ഒതുങ്ങാതെ അറേബ്യൻ മരുഭൂമിയിലെ സിറിയക്കാരനായ ഡ്രൈവറും തെരുവിൽ നിന്നുപരിചയപ്പെട്ട ജയദേവനുമെല്ലാം ഡോക്ടറുടെ ഗുലികയിലൂടെ ജീവസുറ്റ കഥാപാത്രമായി അനായാസം മാറുന്നത് നമുക്ക് കാണാം.

രോഗിപരിചരണത്തിനിടയിൽ ഉണ്ടായ അനുഭവങ്ങൾ ആമിനുമ്മയുടെ കഥയിലൂടെയാണ് തുടങ്ങിയത് മിക്ക രോഗികളുടെയും ചുറ്റിലുമുണ്ടാകുന്ന ഒരു കഥ വായിച്ചെടുക്കും അദ്ധേഹം. സാമൂഹിക സാമ്പത്തിക പാരിസ്ഥിത ജീവിതശൈലിപരമായുമൊക്കെയുള്ള പല പ്രശ്നങ്ങളുടെയും അവസാനമാണ് രോഗം. അതു മനസ്സിലാക്കി രോഗിയെ അന്യരായി കാണാതെ ചികിൽസിക്കുന്ന സന്ദർഭങ്ങൾ. അങ്ങനെ അച്ചാറുകുപ്പിയുമായി വരുന്നലക്ഷ്മിയമ്മ അവർക്ക് അസുഖമില്ല ആഴ്ച്ചയിലും കാണിക്കാൻ വരും ഡോക്ടറെ കാണാൻ തന്റെ മകന്റെ പോലെയുള്ളതുകൊണ്ട്. ഓരോ വരവിലും അച്ചാറു കുപ്പി സമ്മാനിക്കും. ഇങ്ങനെയുള്ള വിവധ അവസ്ഥകൾ ഉള്ളരോഗികളിലൂടെ കടന്നുപോകുന്ന അനുഭവക്കുറിപ്പ്. തന്റെ രോഗികൾക്കുവേണ്ടി ആത്മാർഥമായി അദ്ധേഹം പരിചരിക്കുന്നു. അതിന് ഉത്തമ ഉദാഹരണമാണ്. അദ്ധേഹത്തിന്റെ രോഗി കാദംബരിയെ ചികിൽസിച്ചത്. അന്യസംസ്ഥാനത്തൊഴിലാളി ,വിഷം കഴിച്ചവശരായ സ്ത്രീയും കുട്ടിയും, വളരെപെട്ടന്നുതന്നെ എല്ലാം ഒരുക്കി ആവശ്യം വന്നപ്പോൾ മറ്റൊരു ആശുപത്രിയിൽ സൗകര്യപ്പെടുത്തി. അപ്പോഴേക്കും കൊണ്ടുവന്നവർ കൈയ്യൊഴിഞ്ഞു. പിന്നീടവരെ നമ്മളിലൊരാളെപ്പോലെ നോക്കി. അങ്ങനെയുള്ള

LITTLE KITES

*സന്ദർഭങ്ങൾ ജീവിതയാത്രയിൽ എല്ലാവരും കാണുന്നു ,നോവുകൾ അറിയുന്നു. നിരവധി ദുരിതങ്ങൾ , ഇതിൽ ഒന്നും ചെയ്യാതെ കടന്ന്പോകുന്ന ജീവിതയാത്രയിൽ ഈ എഴുത്തുകാരൻ, ഡോക്ടർ തന്റെ സഹയാത്രികരുടെ മുഖങ്ങൾ അറിയാൻ ശ്രമിക്കുന്നു . അവരെ മനസ്സിലാക്കുന്നു, ആശ്വസിപ്പിക്കുന്നു. എല്ലാ ദുരിതങ്ങളും ഒഴിവാക്കാൻ കഴിയില്ലെങ്കിലും മനുഷ്യന്റെ കണ്ണിലേക്ക് നമുക്ക് നോക്കാം. ആ നോട്ടത്തിന്റെ മഹാവിസ്മയമാണ് ഈ കൃതിയുടെ ഉള്ളഴക്.*

**ജസ്‌ലി ഹനാൻ**



LITTLE KITES

## യന്ത്രജന്മം

യന്ത്രങ്ങൾക്ക്,

എപ്പോളും തിരക്കാണ്

അവർക്ക് ക്ഷീണമുണ്ടോ ?

റിമോട്ട് കൺട്രോളിൽ

എല്ലാം സുരക്ഷിതം

എല്ലാം സമയബന്ധിതം

ചെറിയ കേടുപാടുകൾ

വന്നാലും അവ പ്രവർത്തിക്കും

പ്രവർത്തിക്കാൻ

പറ്റാതായാൽ മൂലക്കിടും

വികാരങ്ങളില്ലാത്തതിനാൽ

വിധിയെ പഴിക്കാറില്ല

വിധേയത്വം അടിച്ചേൽപ്പെട്ടത്

കാൽവരിയിലെ കരിശിൽ

ഒറ്റക്കു ചുമടു താങ്ങി യൊടുക്കാം വീഴുമ്പോൾ

അടുത്ത് ഗലീലാസ്ത്രീകളില്ല

ശരണാലയത്തിൽ ബുക്കിംഗിന്

സമയം ലഭിച്ചില്ല.

ഇന്നലെകളിൽ തിരക്കായിരുന്നു.

**smitha c**




# ആശംസകൾ

# LITTLE KITES DIGITAL MAGAZINE 2019